# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 973 — 30/11/2018-ലെ മറുപടി

## പ്രളയദുരന്തവും അണക്കെട്ടുകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.സി. ജോസഫ് | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| എ) മഴവെള്ളം മാത്രമല്ല അണക്കെട്ടുകൾ തുറന്നതും സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തിന് കാരണമായി എന്ന കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയ സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കത്തക്ക വിവരങ്ങളൊന്നും അദ്ദേഹത്തിന്റെ പ്രസ്താവനയിലുണ്ടായിരുന്നില്ല. മാത്രമല്ല, കേന്ദ്ര ജല കമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിനു കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| ബി) ജലവകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്ന് വിട്ടത് പ്രളയമുണ്ടാകുന്നതിന് കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഡാമുകളാണെന്ന് വെളിപ്പെടുത്തുമോ ; | ബി | ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്നു വിട്ടതു കാരണം പ്രളയമുണ്ടായതായി കണ്ടെത്തിയിട്ടില്ല. കേന്ദ്ര ജല കമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിനു കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| സി) പ്രസ്തുത ഡാമുകൾ തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി | ജലവിഭവവകുപ്പിന് കീഴിലുള്ള ഡാമുകൾ തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നു. ഡാമുകളിലെ ജലനിരപ്പ് വർദ്ധിക്കുന്ന തോത് അനുസരിച്ച് 1,2,3 എന്ന നിലയിൽ ജാഗ്രതാ മുന്നറിയിപ്പുകൾ പൊതു ജനങ്ങളെ, പത്രദൃശ്യ മാദ്ധ്യമങ്ങളിലൂടെയും അറിയിക്കുകയുണ്ടായി . |

മൂന്നാമത്തെ ജാഗ്രതാ മുന്നറിയിപ്പിന് ശേഷം ജില്ലാ ഭരണകൂടം പോലീസ്, ദുരന്ത നിവാരണ അതോറിറ്റി എന്നിവരുടെയെല്ലാം അറിവോടെ പൊതുജനങ്ങളെ അറിയിച്ച ശേഷമാണ് ഡാം തുറന്നത്.

ഇതിനു പുറമെ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു. സ്ഥിതിഗതികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കൺട്രോൾ റൂമുകൾ തുറന്നിരുന്നു. പ്രാദേശികമായ അറിയിപ്പുകൾ നൽകുന്നതിലേയ്ക്ക് അമ്പലങ്ങളിലും, .പള്ളികളിലും മണികൾ മുഴക്കുകയും ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**